(ബി) പുതിയതായി എത്ര മിച്ച ഭൂമി കണ്ടെത്തിയിട്ടുണ്ട്;

(സി) പാലക്കാട് ജില്ലയിലെ വിവിധ താലൂക്ക് ലാന്റ് ബോർഡ് മുമ്പാകെ എത്ര കേസുകൾ തീർപ്പു കല്പിക്കുവാനുണ്ട്;

(ഡി) കഴിഞ്ഞ വർഷം എത്ര കേസ്സുകൾ തീർപ്പാക്കി?

(ഇ) കഴിഞ്ഞ വർഷം ഓരോ ലാന്റ് ബോർഡും നടത്തിയ സിറ്റിംഗ്രകളുടെ എണ്ണം എത്രയാണ്?

ഉത്തരം

(എ) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ 20.40 ഏക്കർ (8.2591 ഹെക്ടർ) മിച്ച ഭൂമി ഭൂരഹിതരില്ലാത്ത കേരളം പദ്ധതി മുഖേന വിതരണം ചെയ്തിട്ടുണ്ട്.

(ബി) പാലക്കാട് ജില്ലയിലെ 5 താലൂക്ക് ലാന്റ് ബോർഡുകളിലായി ആകെ 962.97 3/4 ഏക്കർ (389.8693 ഹെക്ടർ) മിച്ചഭൂമി ഏറ്റെടുക്കാൻ ഉത്തരവായിട്ടുണ്ട്.

(സി) 5 താലൂക്ക് ലാന്റ് ബോർഡുകളിലായി ആകെ 224 കേസുകൾ തീർപ്പാക്കാനുണ്ട്.

(ഡി) 34 കേസുകൾ തീർപ്പാക്കിയിട്ടുണ്ട്.

(ഇ)

പാലക്കാട്	-	42
ചിറ്റൂർ	-	27
ആലത്തൂർ	-	36
ഒറ്റപ്പാലം	-	19
മണ്ണാർക്കാട്	-	9

സീതാംഗോളി ഗവൺമെന്റ് ഐ.ടി.ഐ.

132(4763) ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സീതാംഗോളി ഗവൺമെന്റ് ഐ.ടി.ഐ. നിലവിൽ പുത്തിഗെ പഞ്ചായത്തിൽ സൗകര്യപ്രദമല്ലാത്ത താൽക്കാലിക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത സ്ഥാപനത്തിന് സ്വന്തമായി കെട്ടിടം പണിയുന്നതിന് പുത്തിഗെ വില്ലേജിൽ റീ.സ. നമ്പർ 130/പി.റ്റി-ൽ പെട്ട 1.90 ഏക്കർ സ്ഥലം വ്യവസായിക പരിശീലന വകുപ്പിനു കൈമാറുന്നതുമായി ബന്ധപ്പെട്ട 53543/എൽ. 1/2012/ റവന്യൂ ഡിപ്പാർട്ട്മെന്റ് എന്ന ഫയലിൻമേൽ നടപടി സ്വീകരിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഫയലിൽ സമയബന്ധിതമായി തീരുമാനമെടുക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സീതാംഗോളി സർക്കാർ ഐ.ടി.ഐ-യ്ക്ക് സ്വന്തമായി കെട്ടിടം പണിയുന്നതിന് വ്യാവസായിക പരിശീലന വകുപ്പിന് ഭൂമി കൈമാറ്റത്തിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്.

(ബി) സീതാംഗോളി സർക്കാർ ഐ.ടി.ഐ-യ്ക്ക് സ്വന്തമായി കെട്ടിടം പണിയുന്നതിന് വ്യാവസായിക പരിശീലന വകുപ്പിന് കൈമാറ്റത്തിന് നിർദ്ദേശിക്കപ്പെട്ട 1.90 ഏക്കർ ഭൂമിയിൽ ഒരു ഭാഗത്ത് 11 kv ഹൈടെൻഷൻ ഇലക്ട്രിക് ലൈനും വാട്ടർടാങ്കും ഉള്ളതിനാൽ 0.60 ഏക്കർ സ്ഥലം ഒഴിവാക്കി 1.30 ഏക്കർ ഭൂമിയിൽ വിദ്യാഭ്യാസ സ്ഥാപനം സ്ഥാപിക്കുന്നതിന് ഏതെങ്കിലും വിധത്തിലുള്ള അപകട സാദ്ധ്യതകൾ ഉണ്ടോയെന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിച്ചു വരികയാണ്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

മിച്ചഭൂമി ഉള്ളവർക്ക് പട്ടയം

133(4764) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നിയമസഭ 17-7-2014-ന് പാസ്സാക്കിയ ഭൂപരിഷ്കരണ ഭേദഗതി നിയമമനുസരിച്ച് മിച്ചഭൂമി ആണെന്നറിയാതെ വാങ്ങി കൈവശം വയ്ക്കുന്ന നാല് എക്കർവരെ ഭൂമിയുടെ പട്ടയം ലഭിക്കാൻ അർഹതയുള്ളവർ എത്രയാണെന്ന കണക്കുകൾ ലഭ്യമാക്കാമോ;

(ബി) ഭൂപരിഷ്കരണ ആക്ട് നിലവിൽ വന്ന 1963-നും ഭേദഗതി നിലവിൽ വന്ന 2005-നും ഇടയിൽ വിലകൊടുത്ത് വാങ്ങിയോ അല്ലാതെയോ സ്വന്തമാക്കിയ മിച്ചഭൂമി എത്രയാണെന്ന കണക്കുകൾ ലഭ്യമാണോ;

LIBRARY ARCHIVES Kerala Legislative Assembly